

എമ്മാവൂസ്

# വചനദൂത്

# ദൈവപരിപാലനയിൽ ആശ്രയം

Vol.36 / Issue - 52 / 2 July 2017

ശ്ലീഹാക്കാലം അഞ്ചാം ഞായർ ലൂക്കാ 12:22-34

റോബർട്ട് രാജാവ് പല യുദ്ധങ്ങൾ ചെയ്ത് പരാജയപ്പെട്ട് ഒളിച്ചോടി ഒരു ഗുഹയിൽ ഒളിച്ചു പാർത്തു. തന്റെ സാമ്രാജ്യം തിരിച്ചുപിടിക്കാൻ കഴിയില്ല എന്ന നിരാശ അയാളെ തളർത്തിക്കൊണ്ടിരുന്നു. ഗുഹയിൽ തലതാഴ്ത്തി വിഷണ്ണനായിരുന്ന റോബർട്ട് രാജാവ് ഒരു കാഴ്ച കാണുന്നുണ്ട്. ഒരു ചിലന്തി ഗുഹയുടെ മേൽക്കൂരയിലേക്കു കയറുവാനുള്ള ശ്രമത്തിലാണ്. അവൻ നൂലിലൂടെ ചാടിച്ചാടി മുകളിലേക്കു പല പ്രാവശ്യം കയറി. പല പ്രാവശ്യം അവൻ നിലംപതിച്ചു. പക്ഷേ അക്ഷീണനായി അവൻ തന്റെ ദൗത്യം തുടർന്നു. ഏഴാം പ്രാവശ്യം ചിലന്തി ഉദ്ദേശിച്ചതുപോലെ ഗുഹയുടെ മുകളിൽ എത്തി. ഒരു നിസ്സാര പ്രാണിയിൽ നിന്ന്, അങ്ങനെ ഒരു വലിയ പാഠം റോബർട്ട് പഠിക്കുന്നു. അയാൾ വീണ്ടും ഒരു യുദ്ധത്തിനു സന്നാഹമൊരുക്കി വിജയം വരിക്കുന്നതാണു കഥ.

പരാജയം പലപ്പോഴും നമ്മെ നിരാശരാക്കിയേക്കാം. പക്ഷേ അക്ഷീണം നാം വീണ്ടും വീണ്ടും ശ്രമിക്കണം. മുടങ്ങാതെ പ്രാർത്ഥിക്കണം. പ്രതിസന്ധികളിൽ ആകുലപ്പെടാതെ ജീവിതത്തെ ദൈവത്തിന്റെ പരിപാലനയ്ക്ക് വിട്ടുകൊടുക്കുക. കാക്കകളെയും പക്ഷികളെയും ലില്ലികളെയും പരിപാലിക്കുന്ന ദൈവം നിന്നെയും കാത്തുകൊള്ളും. ഇന്നത്തെ വചനം നമ്മോടു പറയുന്നതും ഇതുതന്നെയാണ്. ജീവിതത്തിൽ പരാജയപ്പെടും എന്ന് ഭയപ്പെടാതെ എല്ലാത്തിനെയും ദൈവത്തിലാശ്രയിച്ചുകൊണ്ട് നേരിടുവാൻ ഉള്ള ഒരു മനസ്സ് ഒരുക്കിയെടുക്കുക.



ബ്ര. മനു ജോൺ നൂറനാനിക്കൽ

ആധുനികതയുടെ കുത്തൊഴുക്കിൽ ലൗകിക സ്വപ്നങ്ങൾ മനസ്സിൽ താലോലിച്ച് ആയുസ് ഒടുക്കുന്നവരുടെ എണ്ണം പ്രതിദിനം വർദ്ധിക്കുകയാണ്. മോഹങ്ങളും മോഹഭംഗങ്ങളും ജീവിതതാളം താറുമാറാക്കുന്ന ഈ കാലഘട്ടത്തിൽ ആകുലതകളിൽപ്പെട്ട് ഉഴലുന്ന നമ്മോട് ഈശോ പറയുന്നു; “നിങ്ങൾ ആകുലരാകേണ്ട, ദൈവ പരിപാലനയിൽ ആശ്രയിക്കുക.”

ഈ ലോകം ആകാംഷകളുടെയും ആശങ്കകളുടെയും ആശയങ്ങളുടെയും ആകുലതകളുടെയും ലോകമാണ്. പരീക്ഷക്കൊരുങ്ങുന്ന കുട്ടികൾ മുതൽ രോഗാവസ്ഥയിലായിരിക്കുന്നവർ വരെ ഉത്കണ്ഠയിലാണ്. ദരിദ്രൻ ഒരു നേരത്തെ അന്നത്തെക്കുറിച്ചോർത്ത്, ധനികൻ ആഡംബരത്തെക്കുറിച്ചോർത്ത്, മാറാരോഗി അടുത്ത പ്രഭാതം കാണുമോ എന്നോർത്ത്, ആരോഗ്യവാന്മാർ 6-pack ഉണ്ടാവുമോ എന്നോർത്ത്, മാതാപിതാക്കൾ മക്കളെക്കുറിച്ചോർത്ത്, മക്കൾ ജീവി

തത്തെയും മാതാപിതാക്കളെയും ഓർത്ത്, നമ്മുടെ അച്ചന്മാർ ഇവരൊക്കെ അച്ചനാകുമോ എന്നോർത്ത്, ബ്രദേഴ്സ് ഞങ്ങളെ അച്ചനാക്കുമോ എന്നോർത്ത്, അങ്ങനെ ആകുലതകളുടെയും അസ്വസ്ഥതകളുടെയും നടുവിൽ കിടന്ന് നട്ടം തിരിയുന്ന എല്ലാവരും നെട്ടോട്ട മോടേണ്ടത് യേശുവിലേക്കാണ്. എല്ലാവരും ചോദി ക്കുന്ന ചോദ്യങ്ങളാണ് 'എന്തേ എനിക്കിങ്ങനെ വന്നു', 'എന്റെ കുടുംബത്തിൽ എന്തേ ഇങ്ങനെ സംഭവിക്കുന്നു?' ദൈവ പരിപാലനയിൽ ആശ്രയിച്ചുകൊണ്ട് യേശുവിനോട് ചോദിക്കണം എന്നാണ് വചനം പറയുന്നത്.

യോഹന്നാൻ ശ്ലീഹായുടെ ചില വചനങ്ങൾ ആകു ലപ്പെടാതെ ദൈവത്തിൽ ശരണം വയ്ക്കുവാൻ നമ്മെ സഹായിക്കുന്നവയാണ്. "ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും തന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും" (യോഹ16:24). "എന്റെ നാമ ത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനത് നിങ്ങൾക്ക് ചെയ്തു തരും" (യോഹ 14:14). "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് ചോദിക്കു ന്നതെന്തും അവിടുന്ന് നിങ്ങൾക്ക് തരും" (യോഹ 15:16,16:23). "നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട ദൈവത്തിൽ വിശ്വസിക്കുവിൻ എന്നിലും വിശ്വസിക്കു വിൻ" (യോഹ 14:1).

ഹൃദയം അസ്വസ്ഥമാവുന്നത് ദൈവത്തിൽ വിശ്വ സിക്കാത്തപ്പോഴും അനുസരിക്കാത്തപ്പോഴുമാണ്. ദൈവത്തിൽ വിശ്വസിക്കാത്തവനും അനുസരിക്കാത്ത വനും ദൈവത്തിൽ നിന്നകന്നു പോവുന്നു. ഇതിനു ഉദാ ഹരണമാണ്, ആദി മാതാപിതാക്കൾ ചെയ്യുന്നത്. ആദി പാപത്തിന് കാരണവും ഭക്ഷിക്കാനുള്ള പ്രലോഭനമാ യിരുന്നു. അതിനാൽ ഇന്നത്തെ വചനം പറയുന്നു; "എന്തുഭക്ഷിക്കും എന്ന് ജീവനെപ്പറ്റിയോ എന്ത് ധരിക്കും എന്ന് ശരീരത്തെപ്പറ്റിയോ നിങ്ങൾ ആകുല രാകേണ്ട. ജീവൻ ഭക്ഷണത്തിനും ശരീരം വസ്ത്ര ത്തിനും ഉപരിയാണ്" (ലൂക്ക 12:23-20). ഭക്ഷണവുമായി ബന്ധപ്പെട്ട ആകുലതകൾ ബൈബിളിൽ പലയിടത്തും കാണാൻ സാധിക്കും. സംഖ്യയുടെ 21:5-ൽ ഇസ്രാ യേൽ ജനം മോശയോട് പറയുന്നു; "ഈ മരുഭൂമിയിൽ മരിക്കാൻ നീ ഞങ്ങളെ ഈജിപ്തിൽ നിന്ന് കൊണ്ടു വന്നത് എന്തിന്? ഇവിടെ അപ്പമോ വെള്ളമോ ഇല്ല. ഈ വിലകെട്ട അപ്പം തിന്ന് ഞങ്ങൾ മടുത്തു." ദൈവം കൂടെ നടന്ന് വഴി നടത്തിയ ജനത്തിന്റെ പരാതിയായിരുന്നു ഇത്. ആകുലതയിൽ കഴിഞ്ഞിരുന്നതിനാൽ ദൈവപരി പാലനയിൽ ആശ്രയിക്കാൻ അവർക്ക് കഴിഞ്ഞില്ല.

എല്ലാ ദിവസവും നമ്മൾ പ്രാർത്ഥിക്കുന്നതാണ്; "അന്നന്നു വേണ്ട ആഹാരം ഞങ്ങൾക്കു നൽകണമേ" എന്ന് ഇങ്ങനെ നമ്മൾ പ്രാർത്ഥിക്കുമ്പോൾ ദൈവപ രിപാലനയ്ക്ക് നമ്മെ പൂർണ്ണമായും വിട്ടുകൊ ടുക്കാറുണ്ടോ?. ഈ പ്രാർത്ഥന അറിയാഞ്ഞിട്ടും ദൈവ പരിപാലനയിൽ പൂർണ്ണമായി ആശ്രയിച്ച്, ഈശോ യുടെ വചനം കേൾക്കാൻ വരുന്ന ഒരു ജനതയെ എല്ലാ സുവിശേഷകന്മാരും വരച്ചു കാണിക്കുന്നുണ്ട്. ഈ ജന ങ്ങൾക്കുവേണ്ടിയാണ് ഈശോ അപ്പം വർദ്ധിപ്പിക്കുന്ന ത് (മർക്കോ 6:30-44, യോഹ 6:1-14; ലൂ 9:10-17 മത്താ 14:13-21). പൂർണ്ണമായി ദൈവത്തിൽ ആശ്രയിച്ചാൽ ദൈവത്തിൽ വിശ്വസിച്ചാൽ നിന്റെ മുമ്പിൽ, നിന്റെ ആവശ്യനേരത്ത് അവിടുന്ന് അത്ഭുതം പ്രവർത്തിക്കും.

വിശുദ്ധ അഗസ്തിനോസ് പറയുന്നു; "മനുഷ്യനെ സൃഷ്ടിച്ചവൻ മാത്രമേ മനുഷ്യനെ സന്തുഷ്ടനാക്കു ന്നുള്ളു." ആകുലത മനുഷ്യബുദ്ധിയുടെ സംഭാവന യാണ്. ബുദ്ധിയുടെ വിശകലനങ്ങളിൽ നിന്ന് വിശ്വാ സത്തിന്റെ സമർപ്പണത്തിലേക്കുള്ള ഒരു ചുവടു വയ്പ്പ് അനിവാര്യമാണ്. ദൈവാശ്രയ ബോധം വിശ്വാസം നിറഞ്ഞ ഹൃദയത്തിന്റെ സമ്മാനമാണ്. ആ സമ്മാന ത്തിനായി നമുക്ക് തീക്ഷണമായി പ്രാർത്ഥിക്കാം. ◆

